109 (1335) പഞ്ചായത്തുകളിൽ അഴിമതി നടക്കുന്നതായ പരാതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിനുശേഷം പഞ്ചായത്തിന്റെ വിവിധ തലങ്ങളിൽ അഴിമതി നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിൽ ഓഡിറ്റിംഗ് കാര്യക്ഷമതയോടെ നടത്തുവാൻ സെക്രട്ടേറിയറ്റിൽ ഒരു ഓഡിറ്റിംഗ് വിഭാഗം കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് രൂപീകരിക്കുമോ;

(സി) പഞ്ചായത്തുകൾക്ക് നിയമസഹായം നൽകാൻ നിയമവകുപ്പിലെ ഉദ്യോഗസ്ഥരെ ജില്ലാപഞ്ചായത്ത് ഓഫീസുകളിൽ നിയമിക്കുമോ?

ഉത്തരം

(എ) ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) 5.6.99-ലെ സ.ഉ. (എം.എസ്.) നമ്പർ 417/99/ജി.എ.ഡി. പ്രകാരം സെക്രട്ടേറിയറ്റിൽ തദ്ദേശഭരണ വകുപ്പിൽ ഒരു സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ക്രമമായി ആഡിറ്റ് നടത്തുവാൻ സെക്രട്ടറിയേറ്റ് ജീവനക്കാരെകൂടി ഉൾപ്പെടുത്തിക്കൊണ്ട് പെർഫോമൻസ് ഓഡിറ്റ് വിഭാഗം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) ഇത്തരത്തിലൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

110 (1336) ടൗൺ പഞ്ചായത്തുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

111 (1337) ത്രിതല പഞ്ചായത്തുകളിലെ ബിനാമി പ്രവർത്തനം

ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ത്രിതല പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പരിപാടി പ്രകാരം വർക്കുകൾ നടത്തുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കാതെ ബിനാമി പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തി;

(സി) ഇവയിൽ ഏതെല്ലാം ശരിയാണെന്ന് തെളിഞ്ഞു;

(ഡി) വർക്കുകൾ നടത്തുന്നതിന് ജനകീയാസൂത്രണ കമ്മിറ്റികൾ രൂപീകരിക്കാതെ ബിനാമി പ്രവർത്തനം നടത്തിയവരുടെ മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) പരാതിയുടെ സ്വഭാവമനുസരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ കലക്ടർമാർ, ഗവൺമെന്റ് സെക്രട്ടറി എന്നിവർ അന്വേഷണങ്ങൾ നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

112 (1338) പോസ്റ്റൽ വോട്ട്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പിന് പോസ്റ്റൽ വോട്ട് ചെയ്യാൻ അർഹതയുള്ളത് ഏതെല്ലാം വിഭാഗത്തിലാണ്;

(ബി) അംഗവൈകല്യമുള്ളവർക്ക് പോളിംഗ് ബൂത്തിൽ എത്താനുള്ള ബുദ്ധിമുട്ട് പരിശോധിച്ച് ആ വിഭാഗത്തിന് പോസ്റ്റൽ വോട്ട് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 21-ാം ചട്ടത്തിൽ പരാമർശിക്കുന്ന തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കു മാത്രമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ടു ചെയ്യാൻ അർഹതയുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

113 (1339) അരുവാപ്പുലം പഞ്ചായത്തിലെ അഴിമതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിൽ മണൽ വാരാൻ അനുമതി നൽകിയതിലും, ജനകീയാസൂത്രണ പദ്ധതിപ്രകാരം പാവപ്പെട്ടവരുടെ വീട് വൈദ്യുതീകരിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിയതിലും

LIBRARY ARCHIVES Kerala Legislative Assembly